കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) അധീനതയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തിന്റെ 2021-22 വർഷത്തെ വസ്തു നികുതി ഒഴിവാക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ)നം.1183/2022/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 10-05-2022

പരാമർശം: 1) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മാനേജിംഗ് ഡയറക്ടറുടെ 28.01.2022 തീയതിയിലെ KASE-1215/2020/PM നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 31.03.2022 തീയതിയിലെ PAN/3216/2022-C3(DP) നമ്പർ റിപ്പോർട്ട്.

ഉത്തരവ്

കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) അധീനതയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം സർക്കാർ ഉടമസ്ഥതയിലുള്ളതായതിനാൽ 2021-22 വർഷത്തെ വസ്തു നികുതി ഒഴിവാക്കി നൽകണമെന്ന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

നീണ്ടകര ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിന് 2021-22 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി ഇനത്തിൽ 4,24,651/- (നാല് ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുനൂറ്റി അൻപത്തി ഒന്ന് രൂപ) ഒടുക്കുന്നതിലേയ്ക്കായി നീണ്ടകര ഗ്രാമ പഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, 1975 - ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് 3(a) പ്രകാരമുള്ള നികുതി ഒഴിവാക്കി നൽകുന്നതിനാണ് സ്ഥാപനം ആവശ്യപ്പെട്ടിരിക്കുന്നതെന്നും, ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി ഈടാക്കുന്നതിനും ഒഴിവാക്കുന്നതിനും കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളുമാണ് ബാധകമാക്കിയിട്ടുള്ളതെന്നും, അതെ സമയം, സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി ഗ്രാമപഞ്ചായത്തിനും ആരുടെ ഉടമസ്ഥതയിലുള്ള ഏത് വിഭാഗം കെട്ടിടങ്ങളേയും നികുതിയോ ഉപനികുതിയോ കരമോ നൽകേണ്ടതിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ നീണ്ടകര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) അധീനതയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനത്തിന്റെ 2021-22 വർഷത്തെ കെട്ടിട നികുതി സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ചുകൊണ്ട് ഒഴിവാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവൻ.എ.പി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, നീണ്ടകര ഗ്രാമപഞ്ചായത്ത് കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
മാനേജിംഗ് ഡയറക്ടർ, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), വഴുതക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്- II ) കേരള, തിരുവനന്തപുരം.
തൊഴിലും നൈപുണ്യവും(സി) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ത.സ്വ.ഭ.വ-ആർസി2/33/2022-ത.സ്വ.ഭ.വ)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ